# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.36** **05.03.2012 ൽ മറുപടിക്ക്**

**കോഴിക്കോട് ശാന്തിനഗർ കോളനി നിവാസികൾക്ക് പാർപ്പിട സമുച്ചയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ് കുമാർ | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യ മന്ത്രി) |
| എ. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി മുഖ്യമന്ത്രി പ്രഖ്യാപിച്ച കോഴിക്കോട് ശാന്തിനഗർ കോളനി നിവാസികൾക്കുള്ള പാർപ്പിട സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | എ. കോഴിക്കോട് ശാന്തിനഗർ കോളനിയിലെ നിവാസികളുടെ പുനരധിവാസത്തിന് സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തിയും ഇതിലേയ്ക്കായി 15 കോടി രൂപ അനുവദിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. പ്രസ്തുത 15 കോടി രൂപയിൽ പരിമിതപ്പെടുത്തി 1-ാം ഘട്ടം എന്ന നിലയിൽ 218 വീടുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയും അതിൻ പ്രകാരം സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ദർഘാസുകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി. പ്രസ്തുത പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്കാണ് താമസ സൗകര്യം നൽകുന്നതെന്ന് വ്യക്തമാക്കുമോ; | ബി. 1-ാം ഘട്ടം എന്ന നിലയിൽ 218 വീടുകൾ നിർമ്മിച്ച് നൽകുന്നു. |
| സി. താമസ സൗകര്യം നൽകുന്നത് ഏത് മാനദണ്ഡ പ്രകാരമാണെന്ന് വിശദമാക്കുമോ? | സി. ഈ പദ്ധതി പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കാനാണ് ഈ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ